# ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് ബജറ്റ് പ്രസംഗം 2023

ഭരണങ്ങാനം ഗ്രാമ പഞ്ചായത്തിന് വേണ്ടിയുള്ള ഈ ഭരണസമിതിയുടെ മൂന്നാമത്തെയും പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലെ രണ്ടാമത്തെയും വാർഷിക ബജറ്റായ 2023-2024 ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ പ്രഖ്യാപിക്കുവാൻ ആശയത്തിലൂടെയും നിർദ്ദേശങ്ങളിലൂടെയും എന്നെ പ്രാപ്തമാക്കിയ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കും ഭരണസമിതിയ്ക്കും കൃത്യമായ ഏകോപനത്തിലൂടെയും ക്രോഡീകരണത്തിലൂടെയും ബജറ്റിന്റെ സാമ്പത്തിക വിശകലനം പൂർത്തിയാക്കിയ അക്കൌണ്ടന്റിനും ഈ ഉത്തരവാദിത്വത്തിലേയ്ക്ക് എന്നെ കൈപിടിച്ച് ഉയർത്തിയ വോട്ടർമാർക്കും പഞ്ചായത്തിന്റെ എല്ലാ വികസന പ്രവർത്തനങ്ങളിലും ആത്മാർത്ഥമായി സഹകരിക്കുന്ന ബഹു എം.എൽ.എ. ശ്രീ. മാണി സി കാപ്പനും എന്റെ ഉത്തര വാദിത്വങ്ങൾ കൃത്യമായി നിർവ്വഹിക്കാൻ എന്ന പ്രാപ്തമാക്കുകയും ചെയ്ത ദൈവിക ശക്തിക്കും നന്ദി പ്രകാശിപ്പിച്ചുകൊണ്ടും ഭരണങ്ങാനം ഗ്രാമ പഞ്ചായത്തിന് വേണ്ടി 2023-2024 വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്നു.

2015 ൽ ഐക്യരാഷ്ട്ര പൊതുസഭ മെച്ചപ്പെട്ടതും സുസ്ഥിരവുമായ ഭാവി എല്ലാവർക്കും കൈവരിക്കുന്നതിനുള്ള മാതൃക രൂപകൽപ്പന ചെയ്തിട്ടുള്ളതും, 2030 ഓടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുത്തുകൊണ്ട് സാമൂഹ്യ, സാമ്പത്തിക ,വിദ്യാഭ്യാസ ,സമത്വ മേഖലകളിൽ വ്യവഹാരങ്ങളാൽ സംതൃപ്തമായ ഒരു ജന സമൂഹം വാർത്തെടുക്കുക എന്നതിന് പ്രധാന്യം നൽകിക്കൊണ്ടാണ് ഈ ബജറ്റ്

വിഭാവനം ചെയ്തിരിക്കുന്നത്. മേൽ പ്രസ്ഥാപിച്ച സുസ്ഥിരവികസന ലക്ഷ്യങ്ങളുടെ അന്തസത്ത ഉൾക്കൊണ്ട് സംസ്ഥാന സർക്കാർ 2017 ൽ പ്രഖ്യാപിച്ച നവകേരള കർമ്മ പദ്ധതിയിലെ നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റ് രൂപീകരണത്തിൽ ഒരു മാർഗ്ഗ ദീപമായി നിലകൊണ്ടിട്ടുണ്ട്.

ദുർബല വിഭാഗങ്ങളുടെ സാമൂഹ്യ ഉന്നമനത്തിന് ഉപയുക്തമാകും വിധം വിഭാവനം ചെയ്തിട്ടുള്ള ലൈഫ് മിഷൻ , ആർദ്രം മിഷൻ ,സാമൂഹ്യ ,സാംസ്കാരിക ഔന്നത്യത്തിന്റെ പരിപോഷണ കേന്ദ്രങ്ങളായി മാറേണ്ട വിദ്യാലയങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ , നൂതന സാങ്കേതികതയിലൂന്നിയ വിദ്യാഭ്യാസ പ്രക്രിയ എന്നിവ മെച്ചപ്പെടുത്തുന്നതിനായുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ,മണ്ണ് ,ജലം ,ജൈവവൈവിധ്യം എന്നിവയുടെ സംരക്ഷണവും പരിപാലനവും മാലിന്യ മുക്തമായ സമൂഹം കെട്ടിപ്പെടുക്കുന്നതിനുമായി ഹരിതകേരള മിഷൻ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യത്തോടുകൂടിയുള്ള തുക വകയിരുത്താൻ സാധിച്ചിട്ടുണ്ട്.

## ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി

ലൈഫ് രണ്ടാം ഘട്ടം – ഭൂമിയുള്ള ഭവനരഹിതരുടെ ഭവന പൂർത്തീകരണം പ്രഖ്യാപിക്കുന്നതോടൊപ്പം തന്നെ ലൈഫ് മൂന്നാം ഘട്ടം - ഭൂരഹിത ഭവന രഹിതർ, ലൈഫ് 2020 ഭൂമിയുള്ള ഭവന രഹിതർ എന്നിവരുടെ ഭവന പൂർത്തീകരണ പദ്ധതിയ്ക്കായി 2,50,00,000/- (രണ്ട്കോടി അൻപത് ലക്ഷം രൂപ) രൂപ വകയിരുത്തുന്നു.

## ആർദ്രം

ആരോഗ്യ മേഖലയുടെ ശാക്തീകരണത്തിനും, നവീകരണത്തിനും അടിസ്ഥാന സൌകര്യ വികസനവും ലക്ഷ്യം വച്ചുള്ള വിവിധ പദ്ധതികൾക്കായി

അലോപ്പതി, ആയുർവേദം, ഹോമിയോ എന്നി വിഭാഗങ്ങൾക്ക് വേണ്ടി 23,00,000/- (ഇരുപത്തി മൂന്ന് ലക്ഷം രൂപ) രൂപ വകയിരുത്തുന്നു.

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

ഡിജിറ്റല് പ്ലാറ്റ്ഫോമിലുള്ള പഠനം സ്വായത്തമാക്കുക വഴി കുട്ടികളുടെ ക്രിയാത്മകതയും അപഗ്രഥനശേഷിയും ശാസ്ത്ര അഭിചുരിയും വർധിപ്പിക്കുന്നതിനാവശ്യമായ പഠന നിലവാരം നേടിയെടുക്കുന്നതിനായി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം പൂർത്തിയാക്കുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനും

നവീകരണത്തിനും 16,00,000/- (പതിനാറ് ലക്ഷം) രൂപ വകയിരുത്തുന്നു.

കുരുന്നുകൾക്കായുള്ള പ്രത്യേക കരുതൽ എന്ന നിലയിൽ ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകളിലെ കുട്ടികൾക്ക് സ്കൂൾ സമയങ്ങളിൽ ഉണ്ടാകാവുന്ന ശാരീരിക അസ്വസ്ഥതകളിൽ വിശ്രമിക്കുന്നതിനും അത്യാവശ്യ പരിപാലനം നൽകുന്നതിനുമായി ഫസ്റ്റ് എയ്ഡ് കിറ്റ്, ഹോസ്പിറ്റൽ ബെഡ് എന്നിവ ഉൾപ്പെടെ സിക്ക് റൂം എല്ലാ സ്കൂളുകളിലും രൂപപ്പെടുത്തുന്നതിനായി സിക്ക് റൂം എന്ന പദ്ധതിയ്ക്കായി 200000/- (രണ്ട് ലക്ഷം രൂപ) രൂപ വകയിരുത്തുന്നു.

**ഓപ്പൺ ജിം**

ജീവിത ശൈലി രോഗങ്ങൾ നമ്മെ ബാധിക്കുകയല്ല മറിച്ച് ഇത്തരം രോഗങ്ങൾക്ക് പകർന്നാടാൻ പറ്റിയ ഇടമായി നമ്മുടെ ശരീരത്തെ ക്രമപ്പെടുത്തുന്ന ജീവിത ശൈലി പിൻതുടരുന്നതാണ് നമ്മുടെ പ്രധാന പ്രശ്നം ശരിയായ രീതിയിലുള്ള ഭക്ഷണവും

വ്യായാമ ക്രമങ്ങളും നാം വിസ്മരിക്കുന്നു. കാരണം സമയമില്ല.......... സാഹചര്യമില്ല............ സൌകര്യമില്ല...

ആരോഗ്യമുള്ള ഒരു ജനത സമൂഹത്തിന്റെ ഒരു ശക്തിയാണ് എന്ന ബോധ്യത്തോടെ ഒരു വലിയ ലക്ഷ്യത്തിന്റെ ചെറിയ തുടക്കം എന്ന നിലയിൽ നമ്മുടെ ഗ്രാമ പഞ്ചായത്തിൽ കുന്നേമുറിപ്പാലത്തിന് സമീപം റോഡരുകിലായി പുരുഷ സൌഹൃദ , സ്ത്രീ സൌഹൃദ രീതിയിൽ ഒരു ഓപ്പണ് ജിം സ്ഥാപിക്കൽ എന്ന പദ്ധതി പ്രഖ്യാപിക്കുന്നു. ഇതിനായി 50000/- രൂപ വകയിരുത്തുന്നു.

**<u>ഭിന്നശേഷി സൌഹൃദ ഭരണങ്ങാനം</u>**

ഗ്രാമ പഞ്ചായത്തിലെ ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തി , ഭിന്ന ശേഷി സൌഹൃദ ഭരണങ്ങാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ഭിന്നശേഷിക്കാരുടെയും ഡിജിറ്റൽ ഡേറ്റാ ബേസ് ഉണ്ടാക്കുന്നതിനും , ഡേറ്റാ ബേസിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ആവശ്യമായ ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കുന്നതിന് മെഡിക്കൽ ബോർഡ് രൂപീകരിച്ച് ക്യാമ്പ് നടത്തുന്നതിനും മെഡിക്കൽ ബോർഡ് ശുപാർശ ചെയ്യുന്നവർക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനും, സ്വയം തൊഴിൽ പരിശീലനത്തിനുമായി **തിളക്കം2023** എന്ന പുതിയ പദ്ധതി പ്രഖ്യാപിക്കുന്നു. ആയതിലേയ്ക്കായി 1 ലക്ഷം രൂപ വകയിരുത്തുന്നു.

**<u>ഹരിത കേരള മിഷൻ</u>**

ബ്രഹ്മപുരം നമുക്ക് ഒരു ഓർമ്മപ്പെടുത്തലാണ്. കേരളം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ സാമൂഹ്യ പ്രശ്നമാണ് മാലിന്യസംസ്കരണം.സംവിധാനങ്ങളുടെ അപര്യാപ്തതയും ,ലഭ്യമായവ ഉപയോഗിക്കേണ്ടതിനെപ്പറ്റിയുള്ള അജ്ഞതയും ബോധപൂർവ്വം സൃഷ്ടിച്ചെടുക്കുന്ന നിഷേധാത്മക സമീപനവും നമ്മുടെ പൊതു ഇടങ്ങളെയും ജല സ്രോതസുകളെയും മലീമസമാക്കികൊണ്ടിരിക്കുന്നു, മാലിന്യ സംസ്കരണ സംവിധാനങ്ങൾ കൃത്യമായി

സ്ഥാപിക്കുന്നതിനും അതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന ഹരിത കേരള മിഷൻ പദ്ധതി പ്രവർത്തനങ്ങൾക്കായി 1000000/- (പത്ത് ലക്ഷം ) രൂപ വകയിരുത്തുന്നു.

## **ഹരിതകർമ്മ സേനയുടെ പ്രവർത്തനം**

അഭിമാനത്തോടെ തന്നെ പറയട്ടെ, ളാലം ബ്ലോക്ക് പഞ്ചായത്തിലെ ഗ്രാമപഞ്ചായത്തുകളിൽ യൂസർ ഫീ കളക്ഷനിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന നമ്മുടെ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ കുടുതൽ ഫലപ്രദമാക്കുന്നതിനായി ആധുനിക സൌകര്യങ്ങളോടുകുടി ബയ്ലിംഗ് മെഷീൻ ഉൾപ്പെടെ എം.സി.എഫ് സ്ഥാപിക്കുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ 14,95,000/-( പതിനാല് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം) രൂപ വകയിരുത്തിയിരുന്നു. എം.സി.എഫ് സ്ഥാപിക്കുന്നതിനായി സ്ഥലം വാങ്ങുന്ന പദ്ധതി പൂർത്തിയായിട്ടുണ്ട് അയതിന്റെ അനുബന്ധമായി എം.സി.എഫ് നിർമ്മാണം 2023-2024 വർഷം പൂർത്തിയാക്കുന്നതാണ്.

## **ഇ-കോളി ബാക്ടീരിയ രഹിത ഭരണങ്ങാനം**

ആശങ്കയോടുകുടി മറ്റൊരു കാര്യം പറയട്ടെ, ജലജീവൻ മിഷന്റെ നേതൃത്വത്തിൽ നമ്മുടെ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലെ കുടിവെള്ളം പരിശോധിച്ചതിൽ എല്ലാ ഭാഗങ്ങളിലും ഇ-കോളി ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട് . കുടിവെള്ളത്തിലുള്ള ഇ-കോളി ബാക്ടീരിയ സാന്നിധ്യം ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യം പ്രഖ്യാപിച്ചുകൊണ്ട് ശുചിത്വ മിഷനുമായി

ചേർന്നുകൊണ്ട് കക്കൂസ് നിർമ്മാണം, മെയ്ന്റനൻസ്, സെപ്ടിക് ടാങ്ക് സ്ഥാപിക്കൽ എന്നീ പദ്ധതികളിലൂടെ ഭരണങ്ങാനം ഗ്രാമപഞ്ചായത്തിനെ “ഇ-കോളി രഹിത

കുടിവെള്ള ലഭ്യതയുള്ള പഞ്ചായത്ത്" ആയി പ്രഖ്യാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ആയതിനുള്ള തുക എസ്.ബി.എം ഫണ്ട് , സി .എഫ്.സി ടൈഡ് ഫണ്ട് എന്നിവയിൽ നിന്നും 700000/- (എഴുലക്ഷം) രൂപ വകയിരുത്തുന്നു.

നമ്മുടെ പ്രദേശത്തിന്റെ പ്രദേശികമായ സാമ്പത്തിക വികസന കാർഷിക വിളകളുടെ ഉൽപാദന ,വിപണന ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്ന ഉത്തമബോധ്യത്തിൽ കാർഷിക ,മൃഗസംരക്ഷണ മേഖലയിൽ ക്രീയാത്മകമായ രീതിയിലുള്ള ഇടപെടൽ ഈ ബജറ്റ് വിഭാവനം ചെയ്യുന്നു.

**ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം**

ഓഫീസുകൾ ജനങ്ങളുടെ 'ആപ്പീസ് പൂട്ടുന്ന' ഇടങ്ങളാവാതെ ഗുണമേന്മയുള്ള സേവനം സമയബന്ധിതമായി ലഭ്യമാകണമെങ്കിൽ ജീവനക്കാർക്ക് ആയാസരഹിതമായി ജോലി ചെയ്യുന്നതിനുള്ള പശ്ചാത്തല സംവിധാനം ആവശ്യമാണ്. പഞ്ചായത്ത് ഓഫീസിന്റെ പ്രവർത്തന അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഫർണ്ണിച്ചറുകളും വാങ്ങുന്നതിനും അവയുടെ പരിപാലനത്തിനുമായി 500000/- (അഞ്ച് ലക്ഷം) രൂപ വകയിരുത്തുന്നു.

**കാർഷിക മേഖല**

സുസ്ഥിര വികസന ലക്ഷ്യം നേടിയെടുക്കാൻ പരിശ്രമിക്കുമ്പോൾ തന്നെ ശ്രദ്ധിക്കേണ്ട കാര്യം കേരളത്തിന്റെ ജി ഡി പി യിൽ 12% ശതമാനം മാത്രമാണ് കാർഷിക മേഖലയുടെ സംഭാവന. കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനും കൃഷിയിലുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമായി പ്രത്യേക പരിഗണന നൽകിക്കൊണ്ട് വിവിധ വകുപ്പുകളുടെയും പദ്ധതികളുടെയും പ്രയോജനം ഉപയോഗപ്പെടുത്തിക്കൊണ്ട് വിവിധ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു. കർഷകരിലേക്ക് നേരിട്ട് ധനസഹായം എത്തുന്ന വിധത്തിലുള്ള പദ്ധതികൾക്കായി

വികസന ഫണ്ടിൽ നിന്നും എഴു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് .മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 30,000 തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്ന വിധത്തിൽ ലേബർ ബജറ്റ് ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. ഇതിലൂടെ 1,55,00,000/- (ഒരു കോടി അമ്പത്തി അഞ്ച് ലക്ഷം) രൂപ വകയിരുത്തുന്നു.

**2023 വർഷം ചെറുധാന്യ** വർഷമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിട്ടുള്ളതാണ്. നമ്മുടെ ജീവിത ശൈലി രോഗങ്ങളെ പ്രധിരോധിക്കുന്നതിന് സഹായകമാവുന്ന 'സൂപ്പർ ഫുഡ്" എന്ന് തന്നെ വിളിക്കാവുന്ന ചെറുധാന്യങ്ങളുടെ കൃഷി പരിചിതമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പദ്ധതികൾക്കായി 275000/- (രണ്ട് ലക്ഷത്തി എഴുപത്തി അയ്യായിരം) രൂപ വകയിരുത്തുന്നു.

**പാലുൽപാദനത്തിൽ സ്വയം** പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതി മുൻ വർഷങ്ങളിലും ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ടി, പദ്ധതി തുടരുന്നതിന് ക്ഷീരകർഷകർക്ക് ഏറെ പ്രയോജനകരവും ആശ്വാസ ദായകവുമാണ് എന്ന വിലയിരുത്തലിൽ ടി, പദ്ധതി ഈ വർഷവും ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുകയാണ്. ടി. പദ്ധതിയുടെ നടത്തിപ്പിനായി 800000/- (എട്ട് ലക്ഷം) രൂപ വകയിരുത്തുന്നു.

**വീട്ടമ്മമാർക്കും സാധാരണ** ജനങ്ങൾക്കും പ്രയോജനകരമായ പദ്ധതികൾ മുൻപും ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി പ്രത്യേക കന്നുകുട്ടി പരിപാലനം, മുട്ടകോഴി വിതരണം എന്നീ പദ്ധതികൾക്കായി 13,00,000/- (പതിമൂന്ന് ലക്ഷം) രൂപ വകയിരുത്തുന്നതിനോടൊപ്പം **ആട് വളർത്തൽ, എരുമ വളർത്തൽ, പശു വളർത്തൽ** പദ്ധതികൾ ഗ്രാമപഞ്ചായത്ത് ഈ വർഷം പുതുതായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

ആയതിലേക്കായി 5,50,000/- (അഞ്ച് ലക്ഷത്തി അൻപതിനായിരം ) രൂപ വകയിരുത്തുന്നു.

**രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ** എന്തുകൊണ്ടും നല്ലത് രോഗം വരാതെ സൂക്ഷിക്കുന്നതാണ്. ആയത് മുൻകൂട്ടികണ്ട് ഗ്രാമപഞ്ചായത്ത് കറവപശുക്കൾക്ക് ധാതുലവണ മിശ്രിതം നൽകൽ, വളർത്തു നായകൾക്ക് പ്രതിരോധ കുത്തിവയ്പ് എടുക്കൽ തുടങ്ങിയ പദ്ധതികൾ ഈ വർഷം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിലോക്കായി 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം) രൂപ വകയിരുത്തുന്നു.

വെറ്റിനറി ഡിസ്പെൻസറി നമ്മുടെ നാടിന്റെ അഭിമാനമായിമാറിയ നിമിഷങ്ങളാണ് കഴിഞ്ഞയാഴ്ചകളിൽ നാം കണ്ടത്. കിണറിൽ വീണ ഗർഭിണിയായ പശുവിനെ കിണറിൽ വച്ചുതന്നെ പ്രസവം എടുത്ത് അമ്മയെയും കുഞ്ഞിനെയും സുരക്ഷിതമായി കരയ്ക്കെത്തിച്ച ഫയർ ഫോഴ്സ് വകുപ്പിലെ ഉദ്ദ്യോഗസ്ഥരെയും ആയതിന് നേതൃത്വം നൽകിയ ഭരണങ്ങാനം ഗ്രാമപഞ്ചായത്ത് വെറ്റനറി ഡിസ്പെൻസറിയിലെ വെറ്റിനറി സർജൻ ശ്രീമതി. സുസ്മിത ശശിധരനെയും ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുന്നു. പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെട്ടാൽ കൂടുതൽ മികച്ച സേവനങ്ങൾ നൽകുവാൻ ഗ്രാമപഞ്ചായത്ത് വെറ്റനറി ഡിസ്പെൻസറിക്കും ആയതിന് നേതൃത്വം നൽകുന്ന ഡോ. സുസ്മിത ശശിധരനും കഴിയും എന്നതിനാൽ വെറ്റിനറി ഡിസ്പെൻസറിയുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 2,00,000/- (രണ്ട് ലക്ഷം) രൂപയും വെറ്റിനറി ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി 2,00,000/- (രണ്ട് ലക്ഷം) രൂപയും വകയിരുത്തുന്നു.

## പ്രാദേശിക സാമ്പത്തിക വികസനം

സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിനായി ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ പ്രാധാന്യം മനസ്സിലാക്കികൊണ്ട് സംസ്ഥാന സർക്കാർ സംരംഭകത്വ വർഷമായി പ്രഖ്യാപിച്ച നടപ്പ് വർഷത്തിൽ ഏകദേശം നാല് കോടി രൂപയോളം മൂലധന നിക്ഷേപം സാധ്യമാകുന്ന വിധത്തിൽ എഴുപത്തി ഒന്ന് സംരംഭങ്ങൾ പുതുതായി തുടങ്ങുവാൻ സാധിച്ചു. വരുന്ന വർഷത്തിലും ഇതിൽ കൂടുതൽ സംരംഭങ്ങൾ തുടങ്ങുന്നതിനായുള്ള എല്ലാ പിന്തുണയും ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉറപ്പ് നൽകുന്നു ഗ്രൂപ്പ് സംരംഭങ്ങൾ തുടങ്ങുന്ന ഗ്രൂപ്പുകൾക്ക് സബ്സിഡി നൽകുന്നതിനായി ഈ ബജറ്റിൽ രണ്ടര ലക്ഷം രൂപ വകയിരുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്ത് തന്നെ ഇത്തരം പ്രവർത്തനങ്ങളിൽ മാതൃകയാകുകയാണ്. അതേപോലെ തന്നെ അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്ക് തൊഴിൽ മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി 50,000/- (അൻപതിനായിരം രൂപ) രൂപ കൂടി വകയിരുത്തി തൊഴിൽ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ ഈ ബജറ്റ് മുന്നോട്ട് വയ്ക്കുന്നു.

## അതിദരിദ്രർ,വയോജനങ്ങള്, ഭിന്നശേഷിക്കാർ എന്നിവരുടെ ക്ഷേമം

ദാരിദ്ര്യത്തിന്റെ അതിതീവ്ര ശോച്യാവസ്ഥയിൽനിന്നും ഒരിക്കലും സ്വന്തമായി കരകയറാൻ സാധിക്കാത്ത കുടുംബങ്ങളെ കണ്ടെത്തി, ഓരോ കുടുംബത്തിനും വേണ്ട പ്രത്യേക മൈക്രോപ്ലാൻ തയ്യാറാക്കി അവർക്ക് നൽകേണ്ട ഓരോ

സേവനത്തിനുമായി പ്രത്യേകം പദ്ധതികൾ ഇപ്പോൾ തന്നെ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. വരും വർഷത്തിലും അവർക്ക് ആവശ്യമായ ഭക്ഷണം, മരുന്ന്, മറ്റ് ചികത്സകൾ, സ്ഥലം , വീട് എന്നീ പദ്ധതികൾക്കായി 7,40,000/- (ഏഴ് ലക്ഷത്തി നാൽപതിനായിരം ) രൂപ വകയിരുത്തുന്നു. അതേപോലെ വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ആശ്രയ ഗുണഭോക്താക്കൾ, കിടപ്പ് രോഗികൾ എന്നിവരുടെ സേവനത്തിന്നായി പതിനൊന്ന് ലക്ഷത്തി നാൽപത്താറായിരം രൂപയുടെ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നു. ആയതിലേക്കായി 1146000/- (പതിനെന്ന് ലക്ഷത്തി നാൽപത്തി ആറായിരം) രൂപ വകയിരുത്തുന്നു.

## <u>പട്ടികജാതി/പട്ടിക വർഗ വികസനം</u>

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരെ ചേർത്ത് നിർത്തുക എന്നത് സംസ്കാരമുള്ള പരിഷ്കൃത സമൂഹത്തിന്റെ ചുമതലയാണ്. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കായി അനുവദി ക്കപ്പെട്ടിരിക്കുന്നതിനെക്കാൾ കൂടുതൽ തുക കണ്ടെത്തി വകയിരുത്തികൊണ്ട് ഭരണസമിതിയുടെ നീതിബോധം സമൂഹത്തിന് മുന്നിൽ വരച്ചിടുകയാണ്. പട്ടികജാതി – പട്ടികവർഗ വിഭാങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് മാത്രമായുള്ള പദ്ധതികൾക്കായി 19,00,000/- (പത്തെൻപത് ലക്ഷം) രൂപ വകയിരുത്തുന്നു. ഇതിൽ തന്നെ 5,90,000/- (അഞ്ച് ലക്ഷത്തി തൊണ്ണൂറായിരം) രൂപ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി മാത്രം വകയിരുത്തിയിട്ടുള്ളതാണ്.

## <u>ദുരന്ത നിവാരണം</u>

ഫയർ ആന്റ് റെസ്ക്യു ഡിപ്പാർട്ട് മെന്റിന്റെ കണക്ക് പ്രകാരം കേരളത്തിൽ ഒരു ദിവസം ശരാശരി മൂന്ന് പേർ മുങ്ങി മരിക്കുന്നു. ഇതിൽ വലിയൊരു ശതമാനവും നീന്തൽ അറിയാത്ത കുട്ടികളാണ്. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നീന്തൽ കുളം ഉപയോഗപ്പെടുത്തികൊണ്ട്

പെൺകുട്ടികൾക്ക് മുൻഗണന നിശ്ചയിച്ച് ആൺകുട്ടികൾക്കും , പെൺകുട്ടികൾക്കുമായി ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം എന്ന പദ്ധതി ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കുന്നു. ആയതിലേയ്ക്കായി 100000/- (ഒരു ലക്ഷം)രൂപവകയിരുത്തുന്നു.

**കഴിഞ്ഞ പ്രളയത്തിന്** ശേഷം ചെറിയ ഒരു മഴയിൽ പോലും ഗ്രാമപഞ്ചായത്തിന്റെ പലഭാഗങ്ങളിലും വെള്ളം കയറുകയും നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്. ആയത് മുൻകൂട്ടികണ്ട് വെള്ളപ്പൊക്ക നിവാരണത്തിനായി 50,000/- രൂപ (അൻപതിനായിരം രൂപ) വകയിരുത്തുന്നു.

## ക്ഷേമപെൻഷൻ

ഗ്രാമപഞ്ചായത്തിലെ അശരണരും നിലാരംബരുമായ ആളുകളുടെ ക്ഷേമം മുൻനിർത്തി സംസ്ഥാന സർക്കാർ നൽകിവരുന്ന വിവിധ ക്ഷേമ പെൻഷനുകൾക്കായി 4-കോടി അറുപത് ലക്ഷം രൂപ വകയിരുത്തുന്നു.

## കേരളോത്സവം

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിലെ കായിക ഇനങ്ങളിലുള്ള അഭിരുചിയും മത്സര ബുദ്ധിയും മാനസികോല്ലാസവും വളർത്തുക എന്ന ഉദ്ദേശ്യത്തോടെ എല്ലാവർഷവും സംഘടിപ്പിക്കുന്ന കേരളോത്സവം നടത്തിപ്പിനായി 1,00,000/- (ഒരു ലക്ഷം രൂപ ) വകയിരുത്തുന്നു.

## സ്ത്രീ ശാക്തീകരണം

സ്ത്രീയുടെ ഗാർഹിക അധ്വാനം പൂർണ്ണമായും കനേഷുമാരി കണക്കുകളില് അപ്രത്യക്ഷമാണ്. ഒരു സ്ത്രീ വീട്ടിനുള്ളിൽ 4500 രൂപയുടെ ജോലി ചെയ്യുന്നുവെങ്കിലും ഔദ്യോഗിക വിലയിരുത്തലുകളിൽ ഈ അധ്വാനം

മൂല്യരഹിതമാണ്. കുടുംബത്തിനുള്ളില് സ്ത്രീ ചെയ്യുന്ന തൊഴിൽ, നയരൂപീകരണ ചർച്ചകളിൽ പോലും കടന്നുവരുന്നില്ല. പ്രകൃതിയുടെ സന്തുലനാവസ്ഥ കാത്തു സൂക്ഷിക്കുന്ന ഋതുഭേദങ്ങൾക്ക് കാല്പനിതകളിൽ പോലും ലിംഗ വിത്യാസം കൽപിച്ച് നൽകിയതായി അറിവില്ല. സമൂഹത്തിന്റെ സന്തുലനാവസ്ഥ നിലനിർത്തേണ്ട മനുഷ്യർക്കിടയിൽ പക്ഷെ ലിംഗവിത്യാസം വളരെ അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നു. ഗ്രാമ പഞ്ചായത്തിലെ സ്ത്രീകളുടെ ഉന്നമനത്തിനായി ആട് വളർത്തൽ ,മുട്ടക്കോഴി വളർത്തൽ , കന്നുകുട്ടി പരിപാലനം തുടങ്ങിയ പദ്ധതികൾ ഗ്രാമ പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. ടി പദ്ധതികൾ കൂടാതെ സ്ത്രീകൾക്കായി ആർത്തവ സമയത്ത് ഉപയോഗിക്കാവുന്ന ഏറ്റവും ശുചിത്വ പൂർണ്ണവും, പ്രകൃതി സൌഹൃദവുമായ മെൻസ്ട്രൽ കപ്പ് വിതരണം എന്ന പദ്ധതിയ്ക്കായി 100000/- (1 ലക്ഷം) രൂപയും , സ്ത്രീകൾ സമൂഹ്യമായി നേരിടുന്ന വിവിധ പ്രശ്നങ്ങൾക്കും , സ്ത്രീധനം എന്ന സാമൂഹ്യ വിപത്തുകൾക്കുമെതിരെ സ്ത്രീ സമൂഹത്തെ പ്രബുദ്ധരാക്കുന്നതിന് വേണ്ടി ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന **സ്ത്രീ പക്ഷ നവകേരളം** എന്ന പദ്ധതിയ്ക്കായി 50000/- (അൻപതിനായിരം ) രൂപയും വകയിരുത്തുന്നു.

## പശ്ചാത്തല വികസനം

വിശുദ്ധ അൽഫോസാമ്മയുടെ നാമത്തിൽ തീർത്ഥാടക ടൂറിസ്റ്റ് കേന്ദ്രം എന്ന നിലയിലും കോട്ടയം ജില്ലയിലെ മലയോര ടൂറിസ്റ്റ് മേഖലകളിലേക്കുള്ള കവാടം എന്ന നിലയിലും നിർദ്ധിഷ്ട അങ്കമാലി തിരുവനന്തപുരം ഗ്രീൻഫീൽഡ് ഹൈവെ കടന്നുപോകുന്ന പഞ്ചായത്ത് എന്ന നിലയിലും നമ്മുടെ പഞ്ചായത്തിന്റെ പ്രൌഡി ഉയർത്തുന്ന രീതിയിലുള്ള ഗതാഗത സംവിധാനം അത്യന്താപേഷിതമാണ് എന്ന ദൃഡനിശ്ചയത്തിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതിയ റോഡുകള് നിർമ്മിക്കുന്നതിനും നിലവിലുള്ളവയുടെ പുനരുദ്ധാരണത്തിനും ആയി മെയ്ന്റനൻസ് ഫണ്ട് റോഡ് വിഹിതത്തില് നിന്നും പ്രവിത്താനം – പ്ലാമൂട് ജംഗ്ഷൻ -

അരീക്കൽ ഭാഗം റോഡ് കോൺക്രീറ്റിംഗ്, പ്രവിത്താനം –മങ്കര – കൊല്ലപ്പള്ളി റോഡ് കോൺക്രീറ്റിംഗ് , കോയിത്താനം – വട്ടപ്പലം –കാഞ്ഞിരമറ്റം ലിങ്ക് റോഡ് കോൺക്രീറ്റിംഗ്, തേവർപാടം – നരിയങ്ങാനം വാഴയിൽ ഭാഗം റോഡ് കോൺക്രീറ്റിംഗ്, അയ്യംപാറ – കൂവക്കാട്ട് റോഡ് കോൺക്രീറ്റിംഗ് എന്നീ പുതിയ പദ്ധതികൾ നടപ്പാക്കുന്നതിലേയ്ക്കായി 16,00,000/- (പതിനാറ് ലക്ഷം) രൂപയും ഉൾപ്പെടെ 1,79,14,000/- (ഒരു കോടി എഴുപത്തൊൻപത് ലക്ഷത്തി പതിനാലായിരം ) രൂപ വകയിരുത്തുന്നു.

റോഡുകളിൽ സ്വതന്ത്രവും സ്വൈര്യവുമായ സഞ്ചാരം എല്ലാവർക്കും എല്ലാസമയത്തും സാധ്യമാക്കുന്നതിനും വഴിയോരങ്ങളിൽ താമസിക്കുന്നവരുടെ സുരക്ഷയും ഉറപ്പാക്കുന്നതിനുമായി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 500000/- (അഞ്ച് ലക്ഷം) രൂപ വകയിരുത്തുന്നു

**“വായിച്ചാൽ വളരും വായിച്ചില്ലെങ്കിലും വളരും വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും”** എന്ന കുഞ്ഞുണ്ണിമാഷിന്റെ കവിത നമുക്ക് സുപരിചിതമാണ്. വായനയിലുടെ ഒരു ജനതയെയും ഒരു നല്ല സംസ്ക്കാരത്തെയും കെട്ടിപ്പടുക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഗ്രാമപഞ്ചായത്തിലെ വായന ശാലകളുടെ പങ്ക് വളരെ വലുതാണ്. കുട്ടികളിലും മുതിർന്നവരിലും വായനാശീലം വളർത്തുക എന്ന ലക്ഷ്യം മുൻനിർത്തി വായന ശാലകളുടെ പ്രവർത്തനം വിപുലപ്പെടുത്തണമെന്ന ആശയം ഉൾക്കൊണ്ട് ഗ്രാമപഞ്ചായത്ത് വായനശാലയിൽ ബുക്കുകളും പ്രസിദ്ധീകരണങ്ങളും വാങ്ങുന്നതിനായി 50,000/-(അൻപതിനായിരം) രൂപ വകയിരുത്തുന്നു.

**മനുഷ്യന് ശുദ്ധവായുവും ശുദ്ധജലവും അത്യന്താപേക്ഷിതമാണ്**. നാടിന്റെ പലഭാഗങ്ങളിലും വേനൽകാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ജലനിധി, ജലജീവൻ മിഷൻ

എന്നിവയുമായി ചേർന്ന് എല്ല വീടുകളിലും ശുദ്ധ ജലം എത്തിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. കാലാവസ്ഥയിൽ നാൾക്കുനാൾ മാറ്റം ഉണ്ടായിവരുന്ന സാഹചര്യത്തിൽ കുടിവെള്ളക്ഷാമം ഗ്രാമപഞ്ചായത്തിനെ ബാധിക്കാതിരിക്കാൻ മുൻകരുതൽ എന്ന നിലയിൽ ടി. പ്രവർത്തനങ്ങൾക്കായി 4,00,000/- രൂപ (നാല് ലക്ഷം രൂപ) വകയിരുത്തുന്നു.

**നമ്മുടെ നാടിന്റെ വളർച്ച കുരുന്നുകളിലൂടെയാണ്.** വരും തലമുറയ്ക്ക് ശരിയായ രീതിയിലുള്ള അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നതിനായി പ്രവർത്തിക്കുന്ന അംഗൻവാടികളുടെ പ്രവർത്തനം ശ്ലാഘനീയംതന്നെയാണ്. കാലഘട്ടത്തിനനുസൃതമായി അംഗൻവാടികളും മാറേണ്ടത് അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിലെ

അംഗൻവാടികളുടെ പശ്ചാത്തല സൌകര്യം വികസിപ്പിക്കുന്നതിനായുള്ള **അംഗൻവാടി പുനരുദ്ധാരണം** എന്ന പദ്ധതിക്കായി 13,00,000/- (പതിമൂന്ന് ലക്ഷം) രൂപ വകയിരുത്തുന്നു.

**അംഗൻവാടികളിലെ** കുട്ടികൾക്ക് പോക്ഷകാഹാരം നൽകുന്നതിന്റെ ഭാഗമായി അനുപൂരക പോക്ഷകാഹാരം എന്ന പദ്ധതിക്കായി 15,00,000/- (പതിനഞ്ച് ലക്ഷം) രൂപ വകയിരുത്തുന്നു.

**ഘടകസ്ഥാപനങ്ങൾ** ഗ്രാമപഞ്ചായത്തിന്റെ അവിഭാജ്യ ഘടകങ്ങളണ്. ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്ന മിക്ക പ്രവർത്തികളും നടപ്പിലാക്കപ്പെടുന്നത് ഘടകസ്ഥാപനങ്ങളിലുടെയാണ്. പദ്ധതി പ്രവർത്തനങ്ങളുടെ ശരിയായ നടത്തിപ്പിനും സേവനങ്ങൾ സമയബന്ധിതമായി ജനങ്ങളിലെക്കെത്തിക്കുന്നതിനും ഘടകസ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കേണ്ടത്

അനിവാര്യമാണെന്ന് കാണുന്നു. ഘടകസ്ഥാപനങ്ങൾക്ക് കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 2,00,000/- (രണ്ട് ലക്ഷം) രൂപയും ഘടകസ്ഥാപനങ്ങളിലെ സേവന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 1,00,000/- (ഒരു ലക്ഷം) രൂപയും വകയിരുത്തുന്നു.

**ജില്ലയിലെ ഗ്രാമപഞ്ചായത്ത് പ്രദ്ദേശങ്ങൾക്ക്** സമീപമുള്ള PWD റോഡുകളിൽ ദിശാബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട് . എന്നാൽ ഗ്രാമപഞ്ചായത്ത് റോഡുകളിൽ സ്ഥലനാമം രേഖപ്പെടുത്തിയ ദിശാ ബോർഡുകൾ സ്ഥാപിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. ടൂറിസം മേഖലകുടിയായ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലേക്ക് മറ്റ് സ്ഥലങ്ങളിൽ നിന്നും എത്തപ്പെടുന്ന വിനോദ സഞ്ചാരികൾക്കും മറ്റുള്ളവർക്കും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദ്ദേശങ്ങളിലുടെ ആശങ്കയില്ലാതെ കടന്നു പോകുന്നതിന് ദിശാബോർഡുകൾ സ്ഥാപിക്കുന്നത് ഉചിതമാണ് എന്ന് കാണുന്നു. ആയതിലേക്കായി ഒരു പുതിയ പദ്ധതി ഏറ്റെടുക്കുന്നതിനുദ്ദേശിക്കുന്നു. ഭരണങ്ങാനം ഗ്രാമപഞ്ചായത്തിലെ ടൂറിസം വികസന സാധ്വതകൾ മുന്നിൽക്കണ്ട് ഗ്രമപഞ്ചായത്ത് റോഡുകളിൽ ദിശാബോർഡുകൾ സ്ഥാപിക്കൽ എന്ന പദ്ധതി ഈ വർഷം ഏറ്റെടുക്കുന്നു. ഈ പദ്ധതിക്കായി 2,00,000/- (രണ്ട് ലക്ഷം) രൂപ വകയിരുത്തുന്നു.

ഭാരതത്തിലെ ആദ്യ വിശുദ്ധ ആയ അൽഫോൻസാമ്മയുടെ ജീവചൈതന്യം ഉൾക്കൊള്ളുന്ന ഭരണങ്ങാനം ലോക ഭൂപടത്തിൽ തന്നെ അടയാളപ്പെടുത്തപ്പെട്ട സ്ഥലമാണ്. ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നും, റെയിൽവെ സ്റ്റേഷനിൽ നിന്നും രണ്ട് മണിക്കൂറില് തഴെ സമയം കൊണ്ട് എത്തിച്ചേരാൻ സാധിക്കുന്ന

ഭരണങ്ങാനത്തിന്റെ ടൂറിസം സാധ്യതകൾ അനന്തമാണ്. സ്വദേശ, വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വവിധ സാദ്ധ്യതകൾ

നമുക്ക് മുന്നിലുണ്ട്. ക്രൈസ്തവ, ഹിന്ദു തീർത്ഥാടന കേന്ദ്രങ്ങൾ, പാരാഗ്ലൈഡിംഗ് അടക്കം സാഹസിക ടൂറിസം സാധ്യമാകുന്ന വാഗമൺ, ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽക്കല്ല്, പശ്ചിമഘട്ട മലനിരകളുടെ സൗന്ദര്യം ആസ്വദിക്കാൻ പറ്റിയ മലയോര ടൂറിസ്റ്റ് കേന്ദ്രങ്ങൾ, വെള്ളച്ചാട്ടങ്ങൾ - ഇവയെല്ലാം നമുക്കരികിലുണ്ട്. ഒറ്റപ്പെടുന്ന വാർദ്ധക്യത്തെയും ഒഴിഞ്ഞു കിടക്കുന്ന വീടുകളെയും ഓർത്ത് നമ്മൾ പരിതപിക്കുമ്പോൾ വേറിട്ടൊരു ചിന്ത പങ്കുവയ്ക്കുകയാണ്. നമ്മുടെ യുവത പഠനാവശ്യങ്ങൾക്കും ജോലി തേടിയും പശ്ചാത്യ രാജ്യങ്ങളിലേയ്ക്ക് കൂട്ടത്തോടെ കുടിയേറുന്നത് വളരെ ആശങ്കയോടെ നാം നോക്കി കാണുമ്പോൾ, നമുക്ക് അനുകൂലമായി ഉപയോഗിക്കാൻ സാധിക്കുമെന്ന് വിചാരിക്കുന്ന ചില ആശയങ്ങൾ തുറന്നിടുകയാണ്. നിലവിൽ ആൾതാമസമില്ലാത്ത വീടുകളും ,ആവശ്യത്തിൽ കൂടുതൽ മുറികളും ഉള്ള വീടുകളിൽ ഒരു ഭാഗം ഹോം സ്റ്റേ ആക്കി മാറ്റി കൊണ്ട് , നമ്മുടെ പഞ്ചായത്തിൽ നിന്നും വിദേശത്ത് ജോലി ചെയ്യുന്നവര് മുഖേന വിദേശികളെ നമ്മുടെ വീടുകളിൽ എത്തിച്ച് **Home Farm ടൂറിസം** പദ്ധതി നടപ്പിലാക്കി വരുമാനം നേടുന്നതിനൊപ്പം ടൂറിസംരംഗത്ത് സ്വന്തമായ ഐഡന്റിറ്റിയുള്ള ടൂറിസം ഹബ് ആയി ഭരണങ്ങാനത്തെ മാറ്റിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഈ സാമ്പത്തിക വർഷം മുൻകൈ എടുക്കുന്നതിന് ആഗ്രഹിക്കുന്നു. ഈ പദ്ധതിയുടെ അനന്ത

സാധ്യതകൾ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി വിശദമായി പരിശോധിക്കുന്നതിനായി സമർപ്പിക്കുന്നു.

ഭരണങ്ങാനം ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്ന വിവിധ ധനസ്രോതസ്സുകളെ – വികസന ഫണ്ട്, ധനകാര്യ കമ്മിഷൻ ഗ്രാന്റ്, മെയ്ന്റനൻസ് ഫണ്ട്, എം. പി. ഫണ്ട്, എം. എൽ. എ ഫണ്ട്, തനത് ഫണ്ട് - എന്നിവയെല്ലാം കോർത്തിണക്കികൊണ്ട് സുതാര്യവും കൃത്യവുമായ ആസൂത്രണത്തിലൂടെയും ചിട്ടയായ ക്രമപ്പെടുത്തലിലൂടെയും എല്ലാ ജനവിഭാഗങ്ങളിലേക്കും കരുതലിന്റെ കരസ്പർശം എത്തിക്കുവാൻ ഈ ബഡ്ജറ്റിലൂടെ ശ്രമിച്ചിട്ടുണ്ട്. വാർഷിക ബഡ്ജറ്റ് എന്നാൽ ഒരു വർഷത്തേക്കുള്ള വരവ് ചെലവ് കണക്കുകൾ ക്രമപ്പെടുത്തിയിരിക്കുന്ന സാമ്പത്തിക രേഖ എന്നാണ് അർത്ഥമാക്കുന്നത്. സാമൂഹ്യ ശാസ്ത്രത്തിന്റെ ദിശാ സൂചികകൾ കൂടി ഉൾപ്പെടുത്തി സാമ്പത്തിക ശാസ്ത്രം വിശകലനം ചെയ്യപ്പെടുമ്പോഴാണ് മൂല്യധിഷ്ടിതമായ ബഡ്ജറ്റ് രൂപപ്പെടുന്നത്. ബഡ്ജറ്റിൽ പ്രതിപാദിക്കപ്പെടുന്ന സംഖ്യകൾക്ക് തുകയുടെ വിനിമയ മൂല്യം എന്നതിനപ്പുറം കൃത്യമായ അസൂത്രണത്തിലൂടെ യഥാർത്ഥ സാമൂഹ്യ ആവശ്യങ്ങളിൽ കൃത്യമായി ഉപയുക്തമാകും വിധം വിനിയോഗിക്കപ്പെടുന്ന പദ്ധതികൾ നടപ്പാക്കി ധന വിനിയോഗത്തിന്റെ സാമൂഹ്യ, മാനവിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന സാമ്പത്തിക വിശകലനമാണ് ഈ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്നത് എന്ന ഉത്തമ ബോധ്യത്തോടെ 2023-24 വർഷത്തേയ്ക്ക് 16,81,67,850/-

(പതിനാറ് കോടി എൺപത്തിയൊന്ന് ലക്ഷത്തി അറുപത്തിയേഴായിരത്തി എണ്ണൂറ്റിയൻപത് ) രൂപ വരവും 16,58,04,000/- (പതിനാറ് കോടി അൻപത്തിയെട്ട് ലക്ഷത്തി നാലായിരം) രൂപ ചെലവും 23,63,850/- (ഇരുപത്തി മൂന്ന് ലക്ഷത്തി അറുപത്തി മൂവായിരത്തി എണ്ണൂറ്റിയൻപത് ) രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന

2023-2024 വാർഷിക ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ “ **Don’t tell me what**

**you value,**

**show me your budget,**

**and I’ll tell you**

**what you value”**.

അതായത് “നിങ്ങളുടെ മൂല്യം എന്നോട് പറയേണ്ടതില്ല, നിങ്ങളുടെ ബഡ്ജറ്റ് കാണിക്കുക, നിങ്ങൾ എന്താണ് വിലമതിക്കുന്നത് എന്ന് ഞാൻ പറയാം” .എന്ന ജോ ബൈഡന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് നിങ്ങളുടെ മൂല്യ നിർണ്ണയത്തിനായി ഈ ബഡ്ജറ്റ് സമർപ്പിക്കുന്നു.